**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1786 | 04.10.2016 -ൽ മറുപടിക്ക്

ഗ്രീൻ കാർപ്പറ്റ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ. എ.സി. മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി) |
| എ) വിനോദസഞ്ചാരകേന്ദ്രങ്ങളെ ഉന്നത നിലവാരത്തിലേക്കുയർത്തുന്നതിനും സഞ്ചാരികൾക്ക് മെച്ചപ്പെട്ട സൗകര്യം ഒരുക്കുന്നതിനുമായി ഗ്രീൻ കാർപ്പറ്റ് പദ്ധതിക്ക് തുടക്കം കുറിയ്ക്കുമോ ; | എ) കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെ പരിപോഷിപ്പിക്കുന്നതിനും ഇവയെ ഇക്കോ സൗഹൃദ കേന്ദ്ര ങ്ങളാക്കി ഉയർത്തുന്നതിന്റെയും ഭാഗ മായി 2016 സെപ്റ്റംബർ 1 ന് 'ഗ്രീൻ കാർപ്പറ്റ്' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ എന്തൊക്കെ പ്രവർത്തന ങ്ങൾക്കാണ് പദ്ധതിയിൽ പ്രാമുഖ്യം നൽകുക; | ബി) കേരളത്തിലെ തെക്കു മുതൽ വടക്കു വരെയുള്ള തെരഞ്ഞെടുത്ത 84 വിനോദ സഞ്ചാര കേന്ദ്രങ്ങളിലായി താഴെ പറയുന്ന കാര്യങ്ങളാണ് ഈ പദ്ധതി യിലൂടെ നടപ്പിലാക്കുന്നത്.<br>1. വൃത്തിയും ശുചിത്വവുമുള്ള പരിസരം. ഖരമാലിന്യങ്ങളുടെ ശാസ്ത്രീയമായ ശേഖരണവും സംസ്കരണവും.<br>2. നിലവാരമുള്ള പൊതുശുചിമുറി കളും അവയുടെ കൃത്യമായ പരിപാലനവും. |

3. ശുദ്ധമായ കുടിവെള്ളവും ഭക്ഷണവും ലഭ്യമാക്കുക.

4. സുഗമമായ സഞ്ചാരത്തിനുള്ള നടപ്പാതകൾ, ലൈറ്റിംഗ്, സൂചക ബോർഡുകൾ സ്ഥാപിക്കുക

5. പ്രകൃതിയുടെ സ്വാഭാവികത നിലനിർത്താനുള്ള നടപടികൾ

6. വിനോദ സഞ്ചാരികളുടെ സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പ് വരുത്തൽ, അടിയന്തിര ഘട്ടങ്ങളിൽ എത്രയും പെട്ടെന്ന് സഹായം ഉറപ്പാക്കുന്ന തിനുള്ള സംവിധാനം

7. ടൂറിസ്റ്റുകൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുമുള്ള സംവിധാനം.

8. ജീവനക്കാർ, സന്നദ്ധ പ്രവർത്ത കർ എന്നിവർക്ക് കൃത്യമായ പരിശീലനം, തിരിച്ചറിയൽ കാർഡ്.

9. പ്രാദേശിക ജനങ്ങളുടെ പങ്കാളിത്തം

10. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മേൽപ്പറഞ്ഞ കാര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനായി ഉത്തര വാദിത്തപ്പെട്ട ഉദ്യോഗസ്ഥനെ ഡെസ്റ്റിനേഷൻ മാനേജരായി ചുമതലപ്പെടുത്തുക എന്നിവയാണ്

ഈ പദ്ധതിയിൽ പ്രാമുഖ്യം നൽകിയിട്ടുള്ളത്.

സി) ഏതെല്ലാം സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പാക്കുക;

സി) പ്രധാനമായും താഴെ പറയുന്ന ഏജൻസികൾ മുഖാന്തിരമാണ് ഗ്രീൻ കാർപ്പറ്റ് പദ്ധതി നടപ്പിലാക്കുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

ടൂറിസം വ്യവസായ സംരംഭകർ

കുടുംബശ്രീ, ശുചിത്വമിഷൻ, നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ.കൾ, മറ്റ് സന്നദ്ധ സംഘടനകൾ

ഡി) പദ്ധതിയുടെ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിനായി ടൂറിസം കേന്ദ്രങ്ങളിൽ കർമ്മസേനയെ നിയോഗിക്കുകയും മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിക്കുകയും ചെയ്യുമോ; വിശദാംശങ്ങൾ നൽകുമോ?

ഡി) ഗ്രീൻ കാർപ്പറ്റ് പദ്ധതിയുടെ നിർവ്വഹണത്തിനായി സംസ്ഥാനതല ത്തിലും ജില്ലാ തലത്തിലും മേഖലാ തലത്തിലും നിരീക്ഷണ സമിതികൾ (Monitoring Cell) രൂപീകരിച്ചു വരുന്നു. ഇത്തരം സമിതികൾ ഓരോ സെന്ററുകളുടെയും കാര്യത്തിൽ യഥാസമയം പരിശോധന നടത്തി വേണ്ട സംഗതികൾ സമയബന്ധിതമായി തീർത്ത് ടൂറിസ്റ്റുകൾക്കുള്ള ബുദ്ധിമുട്ടും പരാതിയും ഒഴിവാക്കുകയാണ് മുഖ്യ ലക്ഷ്യം. മാലിന്യ സംസ്കരണത്തിന് പ്രത്യേക പ്രാധാന്യം നൽകി യിട്ടുള്ള ഈ പദ്ധതി ഓരോ സെന്ററുകളുടെയും വികസനത്തിനോടൊപ്പം സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള ടൂറിസം വികസന

ത്തിനും അതുവഴി അന്താരാഷ്ട്ര തലത്തിലുള്ള പ്രചരണത്തിനും സഹായകരമാകുമെന്ന് കരുതുന്നു. ഇതുവഴി പരിസ്ഥിതി സൗഹൃദ ടൂറിസം കേന്ദ്രമെന്ന ഖ്യാതി നേടാനും കൂടുതൽ വിനോദസഞ്ചാരികളെ ഓരോ കേന്ദ്രത്തിലേക്കും ആകർഷിക്കുവാനും കഴിയും. സർക്കാർ സ്വകാര്യ മേഖലയുടെ സഹകരണത്തോടെയുള്ള ഈ പദ്ധതി കേരളത്തിന്റെ ടൂറിസം മേഖലയിൽ പുതിയൊരു കാൽവയ്പാണ്.

സെക്ഷൻ ഓഫീസർ